**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2325 — 09.12.2014-ലെ മറുപടിയ്ക്ക്

## ത്രിവേണി സൂപ്പർ മാർക്കറ്റുകളുടെ നഷ്ടം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ജി.സുധാകരൻ | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) | |
| (എ) | കൺസ്യൂമർ ഫെഡിൽ നിലവിൽ എത്ര ത്രിവേണി സൂപ്പർ മാർക്കറ്റുകളാണ് ഉള്ളത്; | (എ) | കൺസ്യൂമർഫെഡിൽ നിലവിൽ 248 ത്രിവേണി സൂപ്പർമാർക്കറ്റുകളാണ് ഉള്ളത്. |
| (ബി) | ഓരോ ത്രിവേണി സൂപ്പർ മാർക്കറ്റുകളിലും വില്പനയ്ക്കനുസൃതമായിട്ടാണോ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്; | (ബി) | ഓരോ ത്രിവേണി സൂപ്പർമാർക്കറ്റുകളിലും കാലാകാലങ്ങളിൽ അവയുടെ വില്പനയ്ക്കനുസൃതമായിട്ടാണ് ജീവനക്കാരെ നിയമിക്കുന്നത്. |
| (സി) | ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതു വഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത കൺസ്യൂമർ ഫെഡ് ഏതുവഴിക്കാണ് പരിഹരിക്കുന്നത്; | (സി) | ഇത്തരത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതു വഴി ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിനായി വിവിധ പുനരുദ്ധാരണ പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ കൺസ്യൂമർഫെഡ് ലക്ഷ്യമിട്ടിട്ടുണ്ട്. |

(ഡി) നിലവിലുള്ള ത്രിവേണി സൂപ്പർ മാർക്കറ്റുകളിൽ ലാഭകരമായത് എത്ര; നഷ്ടത്തിൽ പ്രവർത്തിക്കുന്നവ എത്ര;

(ഡി) നിലവിലുള്ള ത്രിവേണി സ്റ്റോറുകളിൽ 11 എണ്ണം ലാഭകരമായും 237 എണ്ണം നഷ്ടത്തിലുമാണ് പ്രവർത്തിക്കുന്നത്.

(ഇ) നഷ്ടത്തിന്റെയും ലാഭത്തിന്റെയും കണക്കുകൾ വ്യക്തമാക്കാമോ?

(ഇ) ത്രിവേണി സ്റ്റോറുകളിലെ 2013-14 വരെയുള്ള മൊത്തം നഷ്ടം 18.25 കോടി രൂപയും ലാഭത്തിൽ പ്രവർത്തിക്കുന്നവയുടെ മൊത്തം ലാഭം 21,83,236.95 രൂപയുമാണ്.

സെക്ഷൻ ഓഫീസർ